വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന്റെ ഭാഗമായി റോഡുകളുടെ പുനർനിർമ്മാണത്തിന് അനുവദിച്ച തുക

6(1316) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന്റെ ഭാഗമായി റോഡുകളുടെ പുനർനിർമ്മാണത്തിന് ഓരോ നിയോജകമണ്ഡലത്തിനും അനുവദിച്ച തുക എത്രയാണെന്ന് വെവ്വേറെ വിശദമാക്കാമോ ?

ഉത്തരം

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ റോഡുകളുടെ പുനരുദ്ധാരണത്തിനായി തുക അനുവദിക്കുന്നത് ജില്ലാടിസ്ഥാനത്തിലാണ്. അതിനാൽ, നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമല്ല.

"വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക"

7 (1317) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 2003-2004 വർഷത്തിൽ ഇതിനകം സംസ്ഥാനത്ത് എത്ര പദ്ധതികളാണ് അനുവദിച്ചതെന്നും ഇതിനെല്ലാം കൂടി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ ;

(ബി) ഇത്തരത്തിൽ അനുവദിച്ച പദ്ധതികളിൽ എം.എൽ.എ.മാർ നിർദ്ദേശിച്ച എത്രയെണ്ണം ഉൾപ്പെട്ടിട്ടുണ്ടെന്നും ഇവയ്ക്ക് അനുവദിച്ച തുക എത്രയാണെന്നും അറിയിക്കാമോ ?

ഉത്തരം

(എ) 2003-2004 സാമ്പത്തികവർഷത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഇതിനകം ആകെ 40,63,57,900 രൂപ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുക അനുബന്ധമായി വച്ചിട്ടുണ്ട്.*

(ബി) കാലവർഷക്കെടുതികൾമൂലം തകർന്നുപോയ റോഡുകളുടെയും, സർക്കാർ ഓഫീസുകളും, കലുങ്കുകൾ എന്നിവയുടെയും പുനരുദ്ധാരണത്തിലേയ്ക്കായി ആകെ ഭരണാനുമതി നൽകിയിട്ടുള്ള 2979.58 ലക്ഷം രൂപയിൽ 1464.5 ലക്ഷം രൂപ എം.എൽ.എ.മാർ നിർദ്ദേശിച്ച പ്രവൃത്തികൾക്കാണ് അനുവദിച്ചത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly